# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**1565** **11/02/2013**-ൽ മറുപടിക്ക്

<u>പെരിയാറിന്റെ തീരത്തെ പുരാവസ്തുക്കളുടെ സംരക്ഷണം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. റ്റി.യു. കുരുവിള

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും

| | | | |
|---|---|---|---|
| (എ) | പെരിയാറിന്റെ തീരത്തെ പുരാവസ്തുക്കൾ സംരക്ഷിക്കുന്നതു സംബന്ധിച്ച് 3846/ബി/2007/സി.എ.ഡി. നമ്പർ ഫയലിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | പെരിയാറിന്റെ തീരത്തെ പുരാവസ്തുക്കൾ റിസർവ് ഫോറസ്റ്റിൽ സ്ഥിതിചെയ്യുന്നതിനാൽ ഇവയുടെ റവന്യൂ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാൻ പുരാവസ്തുവകുപ്പ് മുഖേന ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ചുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) (സി) & (ഡി) | പുരാവസ്തു വകുപ്പിലെ പബ്ളിക്കേഷൻ ഓഫീസറുടെ നിർദ്ദേശപ്രകാരം കാലടി പ്ളാന്റേഷനിലെ ഡോൾമിനോയ്ഡ് സിസ്റ്റ്, അയ്യമ്പുഴ കളിരംതോട് മഹാദേവക്ഷേത്രം, കുട്ടമ്പുഴ ഓവുങ്കൽ ക്ഷേത്രാവശിഷ്ടങ്ങൾ, ഉരുളൻതണ്ണി കുളം, ക്ലാച്ചേരി ക്ഷേത്രാവശിഷ്ടങ്ങൾ, ചേലമല, വടാറ്റുപാറ എന്നിവയെ സംരക്ഷിത സ്മാരകങ്ങളാക്കാവുന്നതാണെന്ന് അറിയിച്ചിരുന്നു. ഇതിൽ ഭൂതത്താൻകെട്ട് ഉൾപ്പെട്ടിട്ടില്ല. അത് പ്രകാരം ആയവയുടെ റവന്യൂ വിശദവിവരത്തിനായി എറണാകുളം ജില്ലാ കളക്ടർക്ക് കത്തുകളും നൽകിയിരുന്നു. ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുള്ള റവന്യൂ വിശദവിവരത്തിൽ കുട്ടമ്പുഴ വില്ലേജിലെ ആറാട്ടുചിറ, അമ്പലച്ചിറ എന്നിവ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. ബാക്കിയുള്ളവ വനം വകുപ്പിന് കീഴിലാണെന്ന് അറിയിച്ചതിൻ പ്രകാരം ആയവയുടെ റവന്യൂ വിവരങ്ങൾക്ക് വനം വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് വിവിധ മേഖലകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ പകർപ്പ് നൽകുമോ; | | |
| (ഡി) | ഇനി എന്തെങ്കിലും റിപ്പോർട്ടുകൾ ഇതു സംബന്ധിച്ച് ലഭിക്കാനുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| (ഇ) | ഈ പ്രദേശത്തുള്ള ഭൂതത്താൻകെട്ട് ടൂറിസം കേന്ദ്രത്തിലെ പുരാവസ്തുശേഖരം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ; | ഇ & (എഫ്) | ഭൂതത്താൻകെട്ട് സംരക്ഷിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടില്ല. |
| (എഫ്) | ഭൂതത്താൻകെട്ട് ടൂറിസം മേഖലയിലെ പുരാവസ്തുശേഖരം സംബന്ധിച്ച ലഭ്യമായിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ ? | | |

സെക്ഷൻ ഓഫീസർ